## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5489** **27.03.2018- ൽ മറുപടിയ്ക്ക്**

### പച്ചക്കറി, കിഴങ്ങു വർഗ്ഗങ്ങൾ എന്നിവ വിഷലിപ്തമാണോ എന്നുള്ള പരിശോധന

| ചോദ്യം<br>ശ്രീ.പി.കെ. ശശി | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് കാർഷിക മേഖലകളിൽ നിന്ന് ലഭ്യമാകുന്ന പച്ചക്കറി ഉൽപ്പന്നങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ തുടങ്ങിയവ വിഷലിപ്തമാണോ / അല്ലയോ എന്ന് പരിശോധിക്കുന്നതിനായി നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് കൃഷി വകുപ്പിൻ കീഴിലുള്ളത്; വിശദാംശം ലഭ്യമാക്കുമോ ; | (എ) സംസ്ഥാന സർക്കാരിന്റെ "സേഫ് റ്റു ഈറ്റ് " എന്ന പ്രത്യേക ഘടകം ഉൾപ്പെടുത്തി വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധന ലാബിൽ പച്ചക്കറി മാർക്കറ്റുകൾ, ഇക്കോഷോപ്പുകൾ, കൃഷിയിടങ്ങൾ എന്നിവിടങ്ങളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ഫലം പരസ്യപ്പെടുത്തുന്നുണ്ട്. കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്പോർട്ടലിലും കേരള കാർഷിക സർവകലാശാലയുടെയും കൃഷി വകുപ്പിന്റെ വെബ്സൈറ്റുകളിലും പരിശോധന ഫലം പരസ്യപ്പെടുത്തുന്നുണ്ട്. ഇപ്രകാരം ജനങ്ങളിൽ ഈ വിഷയം സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതോടൊപ്പം നിയന്ത്രണവും ഒരു പരിധി വരെ സാധ്യമാകുന്നുണ്ട്. മൂന്നു മാസത്തിൽ ഒരിക്കൽ ഇപ്രകാരം പരിശോധന ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. കൂടാതെ കുമരകം നെല്ല് ഗവേഷണ കേന്ദ്രം, വെള്ളാണിക്കര കാർഷിക കോളേജ് (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസറഗോഡ്) എന്നീ സ്ഥാപനങ്ങളിൽ കീടനാശിനി അവശിഷ്ട പരിശോധന ലാബ് പ്രവർത്തിക്കുന്നുണ്ട്. |
| (ബി) പ്രസ്തുത പരിശോധനകളിൽ ഈ സർക്കാർ കാലയളവിൽ കണ്ടെത്തിയ വിഷലിപ്തമായവയുടെ കണക്കും അതുമായി ബന്ധപ്പെട്ട കേസ്സുകളും എത്രപേർ ശിക്ഷിക്കപ്പെട്ടു എന്നതിന്റെ വിശദാംശവും ലഭ്യമാണോ; എങ്കിൽ വെളിപ്പെടുത്തുമോ; | ബി) പ്രസ്തുത പരിശോധനകളിൽ ഈ സർക്കാർ കാലയളവിൽ കണ്ടെത്തിയ പരിശോധനാ കണക്കുകൾ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേസ്സെടുക്കുന്നതിന് കൃഷി വകുപ്പിന് അധികാരമില്ല. ആയതിന്റെ നിയന്ത്രണം ഭക്ഷ്യ സുരക്ഷാ വകുപ്പിനാണ്. |

(....2)

(സി) വിഷലിപ്തമായ പച്ചക്കറി വിൽപ്പന നിയന്ത്രിക്കാനായി കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാം; ആയത് കാലോചിതമായി പരിഷ്കരിച്ച് ഇവയുടെ വിപണനം തടയുവാൻ എന്ത് നടപടി സ്വീകരിക്കും; വ്യക്തമാക്കുമോ ?

(സി) "സേഫ് റ്റു ഈറ്റ് " എന്ന പ്രത്യേക ഘടകം ഉൾപ്പെടുത്തി വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധന ലാബിൽ പച്ചക്കറി മാർക്കറ്റുകൾ, ഇക്കോഷോപ്പുകൾ, കൃഷിയിടങ്ങൾ എന്നിവിടങ്ങളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തി വരുന്നു. ഇതിന്റെ ഫലം സർക്കാരിന്റെയും കൃഷി വകുപ്പിന്റെയും, കാർഷിക യൂണിവേഴ്സിറ്റിയുടേയും വെബ്സൈറ്റുകൾ വഴി അറിയിക്കുന്നുണ്ട്.

പച്ചക്കറികളിലെ വിഷാംശം സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് സമഗ്ര ജൈവ കൃഷി പദ്ധതി പ്രകാരം ബോധവൽക്കരണം നടത്തുന്നുണ്ട്.

നിരോധിക്കപ്പെട്ട കീടനാശിനികൾ ഉപയോഗിക്കുന്നത് തടയുന്നതിന് എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നു. കീടനാശിനി വിതരണ കേന്ദ്രങ്ങൾ സമയബന്ധിതമായി പരിശോധനയ്ക്കു വിധേയമാകുന്നുണ്ട്. കീടനാശിനി വില്പനയ്ക്ക് കൃഷി ഓഫീസർമാരുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിലാക്കുന്നതിനും കർശന നിയന്ത്രണം ഏർപ്പെടുത്തി വരുന്നു.

ഇതിനു പുറമെ ഇക്കോഷോപ്പുകൾ സ്ഥാപിക്കുകയും ജൈവ രീതിയിലുള്ള ഉല്പാദനങ്ങളുടെ വില്പന ഇതു വഴി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. മാത്രമല്ല ഇത്തരം ഗുണനിലവാരമുള്ള ഉല്പന്നങ്ങൾ കേരള ഓർഗാനിക് ബ്രാൻഡു നൽകി കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. ഡയറക്ട് മാർക്കറ്റുകൾ സ്ഥാപിച്ച് ഗ്രേഡിംഗും പാക്കിംഗും നടത്തി ജൈവ ഉല്പന്നങ്ങൾ കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, റെസ്സിഡൻസ് അസോസ്സിയേഷനുകൾ എന്നിവ വഴിയും ലഭ്യമാക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**